# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6634** **09.07.2014- ൽ മറുപടിക്ക്**

## "ചെറുകിട ഗ്രാമ വ്യവസായങ്ങളുടെ വികസനം"

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ** | | **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ചെറുകിട-ഗ്രാമവ്യവസായങ്ങളുടെ വികസനത്തിനു വേണ്ടി നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ; | എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**(1) ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം.**<br>കേരളത്തിൽ വ്യവസായ ആവശ്യത്തിന് സ്ഥലം ലഭിക്കുന്നതിന് ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ ലഭ്യമായ സ്ഥലത്ത് കൂടുതൽ വ്യവസായ സംരംഭങ്ങൾ അനുവദിക്കുന്നതിനായി ഏതാണ്ട് 27.5 കോടി രൂപ മുതൽ മുടക്കി ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു.<br><br>**(2) നിലവിലുള്ള ഡെവലപ്പ്മെന്റ് ഏരിയ / ഡെവലപ്പ്മെന്റ് പ്ലോട്ട് നവീകരണം - 70:30 സ്കീം.**<br>നിലവിലുള്ള ഡെവലപ്പ്മെന്റ് ഏരിയ / ഡെവലപ്പ്മെന്റ് പ്ലോട്ടുകളുടെ നവീകരണത്തിനും ഏറ്റെടുത്ത ജോലികൾ പൂർത്തിയാക്കുന്നതിനും, റോഡുകൾ, മറ്റ് പൊതു സൗകര്യങ്ങൾ, ഖരദ്രവ്യ മാലിന്യ നിർമ്മാർജ്ജനം, വൈദ്യുതി, ജലം എന്നീ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുമായി 1.79 കോടി രൂപ അടങ്കൽ ചിലവ് വരുന്ന പദ്ധതികൾ നടപ്പിലാക്കി. |

(3) നിലവിലുള്ള ഡെവലപ്പ്മെന്റ് ഏരിയ / ഡെവലപ്പ്മെന്റ് പ്ലോട്ട് നവീകരണം - 60:40 സ്കീം.

നിലവിലുള്ള ഡെവലപ്പ്മെന്റ് ഏരിയ / ഡെവലപ്പ്മെന്റ് പ്ലോട്ടുകളുടെ നവീകരണത്തിനായി പുതിയ സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ ക്ലസ്റ്റർ വികസന പദ്ധതി (എം.എസ്.ഇ – സി.ഡി.പി) നടപ്പിലാക്കി. ഇതനുസരിച്ച് വേളി, പൂവാൻതുരുത്ത്, കഞ്ചിക്കോട് എന്നീ വ്യവസായ വികസനമേഖലകളുടെ നവീകരണത്തിനായി വിശദമായ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ പൂവാൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ 10 കോടി രൂപയുടെ പദ്ധതിക്ക് ആദ്യ ഘട്ട കേന്ദ്രാനുമതി ലഭിച്ചു.

**(4) പുതിയ ഡെവലപ്പ്മെന്റ് ഏരിയ / ഡെവലപ്പ്മെന്റ് പ്ലോട്ട് രൂപീകരണം**

സംസ്ഥാനത്ത് വ്യവസായ വികസനത്തിനായി എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ ഡെവലപ്പ്മെന്റ് ഏരിയ / ഡെവലപ്പ്മെന്റ് പ്ലോട്ടുകൾ സ്ഥാപിക്കുന്നതിന് പുതിയ സ്ഥലം ഓരോ ജില്ലയിലും ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ഏജൻസികൾ മുഖേന താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.

1. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ/താലൂക്ക്/ബ്ലോക്ക്/ പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം നടത്തുന്നു.
2. സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ

ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നു.

3. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനു ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിനു വേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകി വരുന്നു.
4. ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായം നൽകി വരുന്നു. വ്യവസായ സംരംഭങ്ങളിൽ അൻസിലറി ഉല്പന്നങ്ങളുടെ ഉല്പാദനത്തിന് ആവശ്യമായ പ്രോത്സാഹന സഹായങ്ങളും നൽകി വരുന്നു.

കൂടാതെ, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി നിലവിലുണ്ടായിരുന്ന 9 പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് "സംരംഭകത്വ സഹായ പദ്ധതി" എന്ന പുതിയ പദ്ധതി നടപ്പിലാക്കുകയുണ്ടായി.

സംസ്ഥാനത്തെ സൂക്ഷ്മ – ചെറുകിട – ഇടത്തരം വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിക്കായി സംസ്ഥാനത്തെയും ജില്ലയിലെയും മികച്ച വ്യവസായ സംരംഭങ്ങൾക്ക് ജനറൽ, വനിത, എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് സംസ്ഥാന ജില്ലാതല അവാർഡുകൾ നൽകുന്നു. സംരംഭകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി വിശേഷ അവസരങ്ങളിൽ എക്സിബിഷനുകൾ നടത്തുന്നു. അഖിലേന്ത്യാ തലത്തിൽ മികച്ച ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നു. സംരംഭകർക്ക് മികച്ച മെഷീനറികൾ വാങ്ങുന്നതിനുള്ള അവസരങ്ങൾ ഒരുക്കുന്നതിനായി

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ മെഷീനറി എക്സിബിഷനും നടത്തുന്നു. കിൻഫ്രയുടെ നേതൃത്വത്തിൽ മൂന്ന് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇത്തരത്തിലുള്ള 5 പുതിയ സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| ബി) | കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഇത്തരത്തിലുള്ള എത്ര വ്യവസായങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിച്ചു എന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | ബി) | കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ വ്യവസായ വാണിജ്യ ഡയറ്കടറേറ്റ് മുഖേന രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകൾ, കിൻഫ്ര, സിഡ്കോ എന്നീ സ്ഥാപനങ്ങളുടെ പാർക്ക്/എസ്റ്റേറ്റുകളിൽ ആരംഭിച്ച വ്യവസായ യൂണിറ്റുകൾ മുതലായവയുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) | വൻകിട വ്യവസായങ്ങൾക്കു വേണ്ടി എന്തൊക്കെ സൗജന്യങ്ങൾ നൽകുന്നുണ്ടെന്ന് വിശദമാക്കുമോ; | സി) | വൻകിട വ്യവസായങ്ങൾക്കായി പ്രത്യേകിച്ച് സൗജന്യങ്ങൾ ഒന്നും തന്നെ നൽകുന്നില്ല. എന്നാൽ വൻകിട വ്യവസായ പദ്ധതികൾ വന്നാൽ അവർക്ക് വ്യവസായം തുടങ്ങാൻ വിവിധ വകുപ്പുകളിൽ നിന്നുള്ള ക്ലിയറൻസ് കെ.എസ്.ഐ.ഡി.സി മുഖേന ലഭ്യമാക്കുന്നതാണ്. കൂടാതെ, വ്യവസായം തുടങ്ങുവാനുള്ള ധനവായ്പയും, പാട്ടക്കരാർ വ്യവസ്ഥയിൽ ഭൂമിയും കെട്ടിടവും, കെ.എസ്.ഐ.ഡി.സി മുഖേന ലഭ്യമാക്കുന്നു. |
| ഡി) | കഴിഞ്ഞ രണ്ട് വർഷത്തിനിടെ ഇത്തരത്തിലുള്ള എത്ര വ്യവസായങ്ങൾ ആരംഭിച്ചു എന്ന് വിശദാംശം ലഭ്യമാക്കുമോ? | ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ഐ.ഡി.സിയുടെ സാമ്പത്തിക സഹായത്തോടെ 13 വൻകിട വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

**വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിൽ രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകൾ**

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 3,128 |
| കൊല്ലം | 2,535 |
| പത്തനംതിട്ട | 1,764 |
| ഇടുക്കി | 463 |
| കോട്ടയം | 1,465 |
| ആലപ്പുഴ | 2,192 |
| എറണാകുളം | 4,304 |
| തൃശ്ശൂർ | 2,997 |
| മലപ്പുറം | 2,073 |
| കോഴിക്കോട് | 1,966 |
| പാലക്കാട് | 1,928 |
| വയനാട് | 704 |
| കണ്ണൂർ | 1,593 |
| കാസർഗോഡ് | 936 |

**കിൻഫ്ര പാർക്കുകളിൽ പ്രവർത്തനമാരംഭിച്ച വ്യവസായ സംരംഭങ്ങൾ**

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 9 |
| പത്തനംതിട്ട | 25 |
| എറണാകുളം | 18 |
| തൃശ്ശൂർ | 7 |
| മലപ്പുറം | 8 |
| പാലക്കാട് | 74 |
| വയനാട് | 18 |
| കണ്ണൂർ | 14 |
| കാസർഗോഡ് | 17 |

**സിഡ്കോ പാർക്ക്/എസ്റ്റേറ്റുകളിൽ പ്രവർത്തനമാരംഭിച്ച വ്യവസായ സംരംഭങ്ങൾ**

| ജില്ല | എണ്ണം |
|---|---|
| കൊല്ലം | 4 |
| കോട്ടയം | 1 |
| ആലപ്പുഴ | 3 |
| കോഴിക്കോട് | 2 |
| പാലക്കാട് | 1 |